## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3683 — 20.06.2018 ൽ മറുപടിയ്ക്ക്

## സപ്ലൈകോയിലെ വിപണന കണക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സപ്ലൈകോയിൽ 2016-17 വർഷത്തെ മൊത്തം വിറ്റുവരവ് എത്രയാണ് ; മാവേലി ,നോൺ മാവേലി ഇനങ്ങളുടെ വിൽപ്പനയുടെ കണക്ക് വിശദമാക്കാമോ; | (എ) 2016-17 സാമ്പത്തിക വർഷത്തെ സപ്ലൈകോയുടെ ആകെ വിറ്റുവരവ് 4176.70 കോടി രൂപയാണ്. ഇതിൽ മാവേലി ഇനങ്ങളുടെ വിറ്റുവരവ് 1011.30 കോടി രൂപയും നോൺ മാവേലി ഇനങ്ങളുടെ വിറ്റുവരവ് 1039.24 കോടി രൂപയുമാണ്. കൂടാതെ പെട്രോളിയം ഉല്പ്പന്നങ്ങളും സപ്ലോകോ വഴി വിപണനം നടത്തുന്നു. |
| (ബി) നെല്ല് സംഭരണം, ആട്ട സബ്സിഡി വിൽപ്പന, ഉച്ചക്കഞ്ഞി അരിവിതരണം തുടങ്ങി എന്തെല്ലാം സർക്കാർ പദ്ധതികളാണ് സപ്ലൈകോ വഴി നടപ്പാക്കുന്നത് ; | (ബി) നെല്ല് സംഭരണം, ആട്ട സബ്സിഡി വിൽപ്പന, ഉച്ചക്കഞ്ഞി അരി വിതരണം ICDS ധാന്യവിതരണം, ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള റേഷൻ വാതിൽപ്പടി വിതരണം തുടങ്ങിയ പദ്ധതികളാണ് സപ്ലൈകോ വഴി നടപ്പാക്കുന്നത്. |
| (സി) ഇതിന് സർക്കാരിന് എത്ര രൂപ ചെലവ് വരുന്നുണ്ട്;ഇതിൽ ലാഭകരമായതും നഷ്ടമുള്ളതും ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (സി) 2018 മാർച്ച് മാസം വരെ വാതിൽപ്പടി വിതരണത്തിനായി സപ്ലൈകോ 194.58 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്. നെല്ല് സംഭരണത്തിന് ഒരു സീസണിൽ 1250 മുതൽ 1275 കോടി രൂപ വരെ സപ്ലൈകോ ചെലവഴിക്കുന്നു. ആട്ടയുടെ വിൽപ്പനയിൽ ലാഭനഷ്ടങ്ങൾ ഇല്ല. ഉച്ചക്കഞ്ഞി വിതരണം, ICDS എന്നീ പദ്ധതികളുടെ ചെലവ് നിർവ്വഹിക്കുന്നത് പൊതുവിദ്യാഭ്യാസ വകുപ്പും വനിതാ ശിശുക്ഷേമ വകുപ്പുമാണ്. നെല്ല് സംഭരണത്തിനും വാതിൽപ്പടി വിതരണത്തിനും ചിലവാകുന്ന തുകയുടെ വിഹിതം കേന്ദ്ര സർക്കാർ മടക്കി നൽകാറുണ്ട് . |

(ഡി) സപ്ലൈകോയ്ക്ക് 2016-17 വർഷം എത്ര കോടി രൂപയുടെ ലാഭം/നഷ്ടം ഉണ്ടായിട്ടുണ്ട്; ലാഭമുണ്ടായ മേഖലകൾ ഏതെല്ലാമെന്നും നഷ്ടമുണ്ടായ മേഖലകൾ ഏതെല്ലാമെന്നും ,അത് എത്ര കോടിയെന്നും വിശദമാക്കാമോ ?

(ഡി) 2016-17 സാമ്പത്തിക വർഷത്തിലെ കണക്കുകളുടെ ഓഡിറ്റ് പൂർത്തിയാകാത്തതിനാൽ ലാഭ/നഷ്ട കണക്കുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

സെക്ഷൻ ഓഫീസർ